**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3642** **12-03-2025 - ൽ മറുപടിയ്ക്ക്**

**നിരാമയ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മാനസിക വൈകല്യമുള്ളവർക്കായി നടപ്പാക്കി വരുന്ന നാഷണൽ ട്രസ്റ്റിന്റെ നിരാമയ ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനത്തെ ഗുണഭോക്താക്കൾക്കുള്ള പ്രീമിയം തുക മുൻപ് സർക്കാരാണോ വഹിച്ചിരുന്നതെന്നും പ്രസ്തുത പ്രീമിയം തുക ഗുണഭോക്താക്കൾക്കായി ഒടുക്കുന്നതിൽ നിന്ന് സർക്കാർ പിന്മാറിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പിൻമാറിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ നാല് ഭിന്നശേഷി വിഭാഗങ്ങൾക്കായി നാഷണൽ ട്രസ്റ്റ് നടപ്പിലാക്കിയ നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തികവർഷം വരെ ഗുണഭോക്താക്കൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിരുന്നു.<br><br>വിവിധ ചികിത്സാ ധനസഹായ പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് നാൽപത് ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും 2023-24 സാമ്പത്തിക വർഷ മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ ആരോഗ്യ പരിരക്ഷ ഉറ വരുത്തിയിട്ടുണ്ട്. നിരാമയ ഇൻഷ്വറൻസ് പദ്ധതിയിൽ പരമാവധി ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുമ്പോൾ കാരുണ്യ പദ്ധതിയിലൂടെ 5 ലക്ഷം രൂപവരെയുള്ള ഇൻഷ്വറൻസ് കവറേജ് ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം മുതൽ പുതുതായി ഗുണഭോക്താക്കളെ നിരാമയ പദ്ധതിയിൽ ചേർക്കുന്നതും നിലവിലെ ഗുണഭോക്താക്കളുടെ പോളിസി പുതുക്കുന്നതും നിറുത്തിവച്ചിരുന്നു. എന്നാൽ വ്യക്തികൾക്ക് സ്വയമേവ പ്രീമിയം തുക അടച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ തുടരുന്നതിന് തടസങ്ങളില്ല. |

| | | | |
|---|---|---|---|
| | | | |
| (ബി) | മാനസികവൈകല്യമുള്ളവർക്കായി നടപ്പിലാക്കി വരുന്ന നാഷണൽ നിരാമയ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രീമിയം തുക സർക്കാർ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നിരാമയ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിലേക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.11.2024 തീയതിയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം നിരാമയ ഇൻഷ്വറൻസ് പദ്ധതി 2025-26 സാമ്പത്തിക വർഷത്തെ ആന്വൽ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചിരുന്നു. 2025-26 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ